പതിമൂന്നാം കേരള നിയമസഭ

(ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :629 — 09/07/13-ൽ മറുപടിക്ക്

## സീ റാഞ്ചിംഗ് പദ്ധതി

**ചോദ്യം**

ശ്രീ. എസ്.ശർമ്മ :
,, പി.ശ്രീരാമകൃഷ്ണൻ :
,, കെ.കുഞ്ഞിരാമൻ(ഉദുമ) :
,, കെ.കെ.നാരായണൻ :

**മറുപടി**

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) :

(എ) കടൽ മത്സ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുവാനുള്ള പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ; വിലയിരുത്തലുകൾ വിശദമാക്കാമോ;

(എ) കടൽ മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി 1997-98 മുതൽ സീറാഞ്ചിംഗ് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ ഭാഗമായി കാര,നാരൻ എന്നീ ചെമ്മീൻ കുഞ്ഞുങ്ങളെ കടലിൽ നിക്ഷേപിച്ചുവരുന്നു. 2012-13 വർഷത്തിൽ 80,23,446 എണ്ണം (നാരൻ, കാര,മോത) ചെമ്മീൻ/മത്സ്യക്കുഞ്ഞുങ്ങളെ സീറാഞ്ചിംഗ് പദ്ധതി പ്രകാരം നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സമയബന്ധിതമായി അവലോകനം ചെയ്യുന്നത് കൂടാതെ ഫിർമ ഈ വിഷയത്തിൽ പഠനം നടത്തുകയും ചെയ്യുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിലെ പുതിയതുറ, പൂവാർ,കരിങ്കുളം എന്നീ പ്രദേശങ്ങളിലെ തീരക്കടലിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 300 റീഫ് മൊഡ്യൂൾ (കൃത്രിമപ്പാര്) നിക്ഷേപിച്ചിരുന്നു. ആയതിന്മേൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ അണ്ടർ വാട്ടർ ക്യാമറ മുഖേന അവലോകനം നടത്തിയതിൽ മത്സ്യക്കുഞ്ഞുങ്ങളും, മത്സ്യങ്ങളും വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) സീ റാഞ്ചിംഗ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; 2011-12 വർഷത്തിൽ ഇതിനായി വകയിരുത്തപ്പെട്ട തുകയുടേയും ചെലവഴിച്ച തുകയുടേയും തന്നാണ്ടിൽ വകയിരുത്തിയ തുകയുടേയും വിശദാംശം ലഭ്യമാക്കുമോ;

(ബി) സീറാഞ്ചിംഗ് പദ്ധതിയുടെ ഭാഗമായി അഴിമുഖങ്ങളിലും പൊഴിമുഖങ്ങളിലും മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 2011-12 വർഷത്തെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി വർഷം 8 മറൈൻ ജില്ലകളിലായി 20 ലക്ഷം രൂപ അനുവദിച്ചു നൽകിയത് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പദ്ധതികളുടെ ഭാഗമായി മത്സ്യ ലഭ്യതയിൽ ഉണ്ടായ വർദ്ധനവ് എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ? | (സി) | കേരള ഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം 2010-11, 2011-12 എന്നീ വർഷങ്ങളിലെ മത്സ്യഉല്പാദനത്തിൽ താഴെപറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മൊത്തം മത്സ്യോല്പാദനത്തിൽ ചെമ്മീൻ ഉല്പാദനം കൂടിയിട്ടുണ്ട്.<br>2010-11 - 6.82 ലക്ഷം മെട്രിക് ടൺ<br>2011-12 - 6.93 ലക്ഷം മെട്രിക് ടൺ<br>രണ്ടു ശതമാനത്തോളം വർദ്ധനവാണുള്ളത്. |

സെക്ഷൻ ഓഫീസർ